മാധ്യമം
05 May 2024

# കാലാവസ്ഥാവ്യതിയാനം: ബോധവത്കരണവുമായി സി.എം.എഫ്.ആർ.ഐ

കൊച്ചി: കാലാവസ്ഥാ വ്യതിയാനം മത്സ്യമേഖലയിലുണ്ടാക്കുന്ന പ്രത്യാഘാതങ്ങളെ കുറിച്ച് മത്സ്യത്തൊഴിലാളികൾക്കിടയിൽ ബോധവത്കരണവുമായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ). സി.എം.എഫ്.ആർ.ഐയുടെ നാഷനൽ ഇന്നൊവേഷൻ ഇൻ ക്ലൈമറ്റ് റെസിലൻറ് അഗ്രികൾച്ചർ (എൻ.ഐ.സി.ആർ.എ) പദ്ധതിയുടെ ഭാഗമായി കുഴിപ്പിള്ളി, ചെല്ലാനം പഞ്ചായത്തുകളിലാണ് ബോധവത്കരണം നടത്തിയത്.

സമുദ്രോപരിതലത്തിലെ ചൂട് വർധിക്കുന്നത് മത്സ്യസമ്പത്തിന്റെ ലഭ്യതയെ സാരമായി ബാധിക്കുന്നുണ്ടെന്ന് സി.എം.എഫ്.ആർ.ഐയിലെ വിദഗ്ധർ പറഞ്ഞു. പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ ഡോ. ഗ്രിൻസൺ ജോർജ്, സെൻറർ കോർഡിനേറ്റർ ഡോ. ആർ. രതീഷ് കുമാർ, ഡോ. രേഷ്മ ഗിൽസ് എന്നിവരാണ് പരിപാടിക്ക് നേതൃത്വം നൽകിയത്.

മേഖലയിൽ നേരിടുന്ന പ്രശ്നങ്ങൾ മത്സ്യത്തൊഴിലാളികൾ സി.എം.എഫ്.ആർ.ഐ സംഘത്തിന് മുന്നിൽ അവതരിപ്പിച്ചു. ചൂട് കൂടുന്നത് കാരണം പിടിച്ചെടുക്കുന്ന മത്സ്യങ്ങൾ പെട്ടെന്ന് നശിക്കുന്ന സാഹചര്യമാണ്. ഇത് പരിഹരിക്കാൻ ചെല്ലാനം പഞ്ചായത്തിലെ മത്സ്യത്തൊഴിലാളി വനിതകൾക്ക് 37 ഐസ് പെട്ടികൾ വിതരണം ചെയ്തു. വീശുവല, വട്ടവല, മീൻ സൂക്ഷിക്കാനുള്ള പാത്രങ്ങൾ, കാളാഞ്ചി മത്സ്യക്കുഞ്ഞുങ്ങൾ എന്നിവയും മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് കൈമാറി. കുഴിപ്പിള്ളി പഞ്ചായത്ത് പ്രസിഡൻറ് കെ.എസ്. നിബിൻ, ചെല്ലാനം പഞ്ചായത്ത് പ്രസിഡൻറ് കെ.എൽ. ജോസഫ്, ചെല്ലാനം മുൻ പഞ്ചായത്ത് പ്രസിഡൻറ് കെ.പി. പ്രസാദ്, വാർഡ് അംഗങ്ങളായ കെ.കെ. കൃഷ്ണകുമാർ, രാധാകൃഷ്ണൻ എന്നിവർ പങ്കെടുത്തു.